**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **08-12-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് വടക്കേക്കുളം കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് വടക്കേക്കുളത്ത് വർഷങ്ങളായി കൃഷി ചെയ്തുവരുന്ന കർഷകരായ മുഴുവൻ ഭൂവുടമകൾക്കും കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി ലഭിച്ച 1393 അപേക്ഷകളിൽ 207 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും ബാക്കി അപേക്ഷകളിൽ വിശദമായ രേഖാ പരിശോധനയിലൂടെയും വസ്തു പരിശോധനയിലൂടെയും തുടർ നടപടി സ്വീകരിച്ചു വരുകയുമാണ്. |
| (ബി) | പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ; | (ബി) | കക്ഷികൾ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിശദമായ രേഖാ പരിശോധനയിലൂടെയും വിചാരണയിലൂടെയും ആവശ്യമെങ്കിൽ സ്ഥലപരിശോധനയും നടത്തിയാണ് തുടർ നടപടി സ്വീകരിച്ചു വരുന്നത്. ആയതിനാലുള്ള സ്വാഭാവിക കാലതാമസം മാത്രമാണ് നേരിടുന്നത്. |
| (സി) | പ്രസ്തുത നടപടികളുടെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ? | (സി) | കക്ഷികൾ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിശദമായ രേഖാ പരിശോധനയിലൂടെയും വിചാരണയിലൂടെയും ആവശ്യമെങ്കിൽ സ്ഥലപരിശോധനയും നടത്തിയാണ് തുടർ നടപടി സ്വീകരിച്ചു വരുന്നത്. ആയതിനാലുള്ള സ്വാഭാവിക കാലതാമസം മാത്രമാണ് നേരിടുന്നത്. |

സെക്ഷൻ ഓഫീസർ